## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3956 | | 21.10.2016-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| കായംകുളം നഗരസഭയിലെ മാലിന്യനിർമ്മാർജ്ജനം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീമതി.യു.പ്രതിഭ ഹരി | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | കായംകുളം നഗരസഭയിലെ മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട വിഷമതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കായംകുളം നഗരസഭയിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിച്ച് മാലിന്യങ്ങൾ തരംതിരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (എ) | ഉണ്ട്. കായംകുളം നഗരസഭയിൽ കേന്ദ്രീകൃത മാലിന്യ സംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് സർക്കാർ തലത്തിൽ അനുവദിച്ചിട്ടുള്ള 2 കോടി 40 ലക്ഷം രൂപ ഉപയോഗിച്ച് പ്ലാന്റ് സ്ഥാപിക്കുന്നതിനെതിരെ പ്രദേശവാസികൾ കോടതിയെ സമീപിച്ചത് മൂലം ഉണ്ടായ കാലതാമസം പരിഹരിച്ച് ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മാലിന്യങ്ങൾ ശാസ്ത്രീയമായി തരംതിരിച്ച് സംസ്ക്കരിക്കുന്നതിന് മുൻകാലങ്ങളിൽ നടപ്പാക്കിയിട്ടുള്ള ഗാർഹിക ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതിയുടെ തുടർച്ചയായി നഗരസഭ നടപ്പു വർഷവും തുക വകയിരുത്തിയിട്ടുള്ളതാണ്. കൂടാതെ നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ 10 തുമ്പൂർമുഴി എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും നടപ്പു വർഷം തുക വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ